Sign In | Register Now
Make Us Your Home Page | Unable to read? | Follow | Like 547k | RSS

manoramaonline.com
Updated Monday, August 18, 2014 11:08 AM IST

റേഡിയോ മാംഗോ ഇനി
കരകാണാ കടലലമേലേ...

English | Gulf | US | Manorama News TV | Chuttuvattom | Music Downloads | Videos | Photos | Blogs | Subscription | Books | Classifieds | Mobile | E-Editions | LIVE TV
HOME | NEWS | MOVIES | MUSIC | LIFESTYLE | ASTROLOGY | RELIGION | FASTTRACK | HEALTH | WOMEN | EDUCATION | ENVIRONMENT | VEEDU | CUISINE | TRAVEL | CHILDREN

Home » Women » My World
Women

# മലയാളി വീട്ടമ്മ ഡൽഹിയിൽ ഒരുക്കിയ സ്നേഹാലയം

റുബി മൊഹന്തി

Story Dated: Monday, August 18, 2014 11:8 hrs IST

Print | E-mail | Share | Tweet | Text Size



ആൻസി ശാന്തിനികേതനിലെ അംഗങ്ങൾക്കൊപ്പം

ഒരു നീല ഞരമ്പ് ചുവപ്പിന്റെ സ്ഥാനത്ത് ചേർത്തു വച്ചാൽ എന്തു സംഭവിക്കും? മസ്തിഷ്കത്തിലാണ് ഈ മാറ്റമെങ്കിൽ ശരീരത്തിന്റെ ട്രാഫിക് ആകെ മാറും. ഓർമകൾ പ്രതീക്ഷകളും, കാഴ്ചകൾ ഭാവനകളുമാകും, വഴികൾ നദികളും, മുതിർന്നവർ കുട്ടികളും ആയെന്ന് വരും.

ദൈവത്തിന്റെ ഇത്തരം കളികളിൽ പെട്ടുപോയാൽ ഏതു ബുദ്ധിമാനും വഴിയറിയാത്ത വനാകും. വിലാസമില്ലാത്തവനാകും. ഓർമകൾ നഷ്ടപ്പെട്ടവരെയും തീരാവേദനയു മായി നടക്കുന്നവരെയും താങ്ങാൻ ആർക്കാണ് നേരം.

ഇങ്ങനൊരു സാഹചര്യത്തിൽ ആൻസി ജോൺസൺ തിരഞ്ഞെടുത്തത് മറ്റൊരു വഴിയാണ്. നിസഹായരായവരെ കണ്ടാൽ ആൻസി അവരെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകും. അമ്മയെപ്പോലെ സ്നേഹപൂർവം പരിചരിക്കും. അതിനായി ആൻസി ജോൺസൺ എന്ന മലയാളി വീട്ടമ്മ ഡൽഹിയിൽ ഒരുക്കിയ സ്നേഹാ ലയമാണ് ശാന്തിനികേതൻ സോഷ്യൽ വെൽഫെയർ സൊസൈറ്റി.

എത്ര ഉന്നതമായ നിലയിൽ നിന്നുള്ളവരായാലും എവിടെ നിന്നു വന്നു, ഇനിയെ ങ്ങോട്ടു പോകണം എന്നറിയാത്തവരായി മാറാൻ കുറച്ച് സമയമേ വേണ്ടൂ. ആൻസി പറയുന്നു. പക്ഷേ, അവരും ഈ ഭൂമിയുടെ അവകാശികൾ തന്നെയാണ്. ആൻസി അവർക്കായി തന്റെ വീടിന്റെ വാതിൽ തുറന്നിട്ടിരിക്കുന്നു. ഇനി ഡൽഹിയിലെ വഴികളിലൂടെ അൽപനേരം നടക്കാം. ശാന്തിനികേതൻ സോഷ്യൽ വെൽഫെയർ സൊസൈറ്റിയിലേക്കാണ് നമുക്ക് പോകേണ്ടത്. അവിടെ ആൻസി ജോൺസൺ ഉണ്ടാകും. നമ്മളെ സ്വീകരിക്കാനല്ല. മുറിവേറ്റും ഓർമ നഷ്ടപ്പെട്ടും വഴിയറിയാതെ ഉഴലുന്നവർക്കായി.

ആൻസി നോവിൽ നിന്ന് ചിറകുമുളച്ചവൾ
പതിനാല് വർഷങ്ങൾക്ക് മുമ്പാണ് സേവനത്തിന്റെ ചിറകുകൾ ആൻസിക്ക്

സ്വന്തമായത്. ഹൃദയം തകർക്കുന്ന ഒരു സങ്കടത്തിൽ നിന്ന്. തന്നെയും മൂന്ന് പെൺകുട്ടികളെയും ഉപേക്ഷിച്ച് സംരക്ഷണം നൽകേണ്ടയാൾ സ്വന്തം വഴിതേടിയപ്പോൾ ഒരു നിമിഷം പകച്ചു പോയെങ്കിലും ദൈവം തന്നോടു കൂടെയുണ്ടായിരുന്നു എന്നു പറയുന്നു ആൻസി. ആ നിമിഷത്തിലായിരുന്നു ഒറ്റപ്പെടലിന്റെ ദൈന്യത ആൻസി അറിഞ്ഞത്. അനുഭവങ്ങൾ എന്തു തന്നെയായാലും ജീവിതം ഒന്നേയുള്ളൂ. ഒന്നുകിൽ ജീവിതാനുഭവങ്ങളെയോർത്ത് കരഞ്ഞുകൊണ്ട് ശിഷ്ടജീവിതം തള്ളിനീക്കാം. ഇല്ലെങ്കിൽ മറ്റുള്ളവർക്കായി സന്തോഷത്തോടെ ജീവിക്കാം. പക്ഷേ, മറ്റുള്ളവരിലേക്ക് നന്മ പകരാത്ത ജീവിതം ജീവിതം അല്ല എന്നു മാത്രം ആൻസി ഉറപ്പിച്ചു. അക്രമങ്ങൾക്കും അപകടങ്ങൾക്കും ഇരയായി കഠിനമായി മുറിവേറ്റ് വീടും നാടും തിരിച്ചറിയാത്തവർ, മരണം കനിയാത്ത രോഗദുരിതങ്ങളിലായിപ്പോയവർ, മനോനില തെറ്റിയവർ, മനോവിഭ്രാന്തിയിൽ നിന്ന് മോചിതരായിട്ടും വീട്ടുകാർ സ്വീകരിക്കാത്തവർ എന്നിവർക്കായി ഒരു വീട് ആണ് ആൻസി വിഭാവനം ചെയ്തത്. ഒരു അന്തേവാസിയുമായി തുടങ്ങിയ വീട്ടിൽ ഇപ്പോൾ മുപ്പത്തിരണ്ട് പേരുണ്ട്.

സാമൂഹികസേവനം ആണ് തന്റെ വഴി എന്ന് നിശ്ചയിച്ച ആൻസി ഹൈദരാബാദിലെ ക്രിസ്തീയ ദേവാലയത്തിലെ സന്യാസിനിയോടൊപ്പമാണ് ആദ്യം പ്രവർത്തിച്ചത്. പിന്നീട് ഡൽഹിയിലെത്തി അവിടെ ഒരു എൻജിഒ സ്ഥാപനത്തോട് ചേർന്ന് കുറച്ചു നാളുകൾ പ്രവർത്തിച്ചു. 2007ലാണ് ശാന്തിനികേതൻ സോഷ്യൽ വെൽഫെയർ സൊസൈറ്റി തുടങ്ങുന്നത്. ഇപ്പോൾ പ്രമുഖ സ്ഥാപനങ്ങളായ സഫ്ദർജംഗ് ഹോസ്പിറ്റൽ, റീഹാബിലിറ്റേഷൻ സെന്ററുകൾ, ട്രോമ സെന്ററുകൾ, എമർജൻസി ആംബുലൻസ് വിഭാഗം എന്നിവരെല്ലാം ആരുമില്ലാത്തവരെ ഏൽപ്പിക്കാനായി ആൻസിയെ അന്വേഷിക്കുന്നു. പൊലീസുകാർക്കും സുരക്ഷിതമായി ഇത്തരക്കാരെ ഏൽപ്പിച്ചു പോകാവുന്ന ഇടമാണ് ശാന്തിനികേതൻ.

സഹായമനസ്ഥിതിയുള്ള ഒരുപാടുപേർ നമുക്ക് ചുറ്റുമുണ്ട് എന്ന് ആൻസി പറയുന്നു. ശാന്തിനികേതൻ തുടരുന്നതിനു പിന്നിലെ ശക്തി ഇവർ കൂടിയാണ്. മുപ്പത്തിരണ്ടു പേരുടെ പരിചരണവും ചെലവും നടത്തിക്കൊണ്ടു പോകാൻ കഴിയുന്നത് ദൈവം ഈ ജോലി ചെയ്യാൻ എന്നെ ഉദ്ദേശിച്ചിരിക്കുന്നതു കൊണ്ടും മറ്റുള്ളവരുടെ സഹായ സഹകരണങ്ങൾ കൊണ്ടും മാത്രമാണ്.

ആദ്യകാലങ്ങളിൽ ഒരു മുറിയിലായിരുന്നു അന്തേവാസികൾ കഴിഞ്ഞിരുന്നത്. അത് ശുചിത്വകാര്യങ്ങളിൽ വലിയ പ്രശ്നമായി. ഭാഗ്യവശാൽ സന്മനസുള്ള ഒരു കുടുംബം വിശാലമായ ഒരിടം ഇവർക്കായി നേടിക്കൊടുത്തു. സ്ഥലത്തിന്റെ വാടക ആ വീട്ടിലെ അംഗങ്ങളെല്ലാവരും കൂടിയാണ് വഹിക്കുന്നത്. ശമ്പളത്തിന്റെ അഞ്ചുശതമാനം ശാന്തിനികേതന്റെ ചെലവുകൾക്കായി തരുന്നവർ ഉണ്ട്. ചിലർ അരി, ഗോതമ്പ്, വസ്ത്രങ്ങൾ തുടങ്ങിയവ നൽകും. പിറന്നാളുകളും മറ്റാഘോഷങ്ങളും ശാന്തിനികേതനിലെ അന്തേവാസികളോടൊപ്പമാക്കുന്നവരുണ്ട്. നാട്ടുകാരുടെയും പിന്തുണയുണ്ട്. ഇവരുടെ സഹായം കൊണ്ട് എന്റെ ശ്രദ്ധ എനിക്ക് പൂർണമായി അന്തേവാസികളുടെ പരിചരണത്തിനായി മാറ്റിവയ്ക്കാം. ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് സഹായം ശാന്തിനികേതന് ലഭ്യമാകുന്ന കാലം വരും എന്ന് ആൻസി കരുതുന്നു.

ആദ്യത്തെ അതിഥി

ഓർമ നഷ്ടപ്പെട്ടവരിൽ ചിലർ വർഷങ്ങൾക്കു ശേഷം ജീവിതത്തിലേക്ക് തിരികെയെത്തിയിട്ടുണ്ട്. അത്രയും കാലം സംരക്ഷിക്കാൻ ഒരാൾ ഉണ്ടായതിന്റെ പേരിൽ മാത്രം. അങ്ങനെയൊരു കഥയിൽ നിന്നാണ് ആൻസിയുടെ വീടിന്റെ തുടക്കം.

കുറച്ചു വർഷങ്ങൾക്കു മുമ്പാണ്, റോഡരികിൽ തലയ്ക്ക് സാരമായി പരുക്കേറ്റ നിലയിൽ ഒരു വ്യക്തിയെ ആൻസി കാണാനിടയായി. മോഷണശ്രമം നടത്തിയ സംഘം തലയ്ക്കടിച്ച് ആക്രമിച്ചതായിരുന്നു. തലച്ചോറിലും ശരീരത്തിലും ഗുരുതരമായ അണുബാധ കൊണ്ട് ഓർമ തീർത്തും നഷ്ടമായിരുന്നു. അദ്ദേഹത്തെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു വന്ന് എട്ടുമാസത്തോളം ആൻസി ചികിത്സിച്ചു. താനൊരു ആർമി ഉദ്യോഗസ്ഥനാണ് എന്ന് ഒരു ദിവസം പൊടുന്നനെ അദ്ദേഹം ഓർത്തെടുത്തു. ഏറെ അന്വേഷണങ്ങൾക്ക് ശേഷം കണ്ടുകിട്ടാത്തതിനാൽ മിസിങ് ആയതായി കാണിച്ച് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ പരസ്യം നൽകിയത് ശ്രദ്ധയിൽ പെട്ടതോടെ ആൻസി ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ കൈമാറി.

ആർമി കമാൻഡർ– ഇൻ– ചീഫും കുടുംബാംഗങ്ങളുമെത്തി അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോയി. ആൻസിയുടെ സന്മനസ് അദ്ദേഹത്തിന് ജീവിതവും ഉദ്യോഗവും തിരികെ നൽകി. അദ്ദേഹത്തെപ്പോലെ ഇരുപതോളം പേർ ശാന്തിനികേതന്റെ പരിചരണത്തിൽ സുഖം പ്രാപിച്ച് ജീവിതത്തിലേക്ക് തിരികെയെത്തിയിട്ടുണ്ട്.

തലയിലും ചെവികളിലും ഗുരുതരമായ മാറ്റാനാകാത്ത അണുബാധയും കേൾവി ശക്തി നഷ്ടപ്പെട്ട അവസ്ഥയും ഉള്ള ഒരാളെ സഫ്ദർജംഗ് ആശുപത്രിയിൽ നിന്ന് ഏറ്റെടുക്കുമ്പോൾ അവിടുത്തെ ഡോക്ടർമാർ അമ്പരന്നു. എന്തിനാണ് ആൻസി ഇങ്ങനൊരാളെ ഏറ്റെടുക്കുന്നതെന്ന്. അത്രമേൽ ഗുരുതരമായിരുന്നു അദ്ദേഹത്തിന്റെ നില. ദൈവത്തിന്റെ കണക്കുകൂട്ടൽ മറ്റെന്തെങ്കിലും ആകാം എന്ന മറുപടിയേ ആൻസിക്കുണ്ടായിരുന്നുള്ളൂ. രണ്ട് വയസുകാരന്റെ ബുദ്ധിയുമായി ജീവിക്കുന്ന അദ്ദേഹത്തിന് ഇപ്പോൾ ഒരു ചെവി കേൾക്കാം. ഈ മാറ്റം കൂടുതൽ നല്ല മാറ്റങ്ങളിലേക്കെത്തും എന്ന് ആൻസി വിശ്വസിക്കുന്നു.

ആൻസിയുടെ വീട്ടിലെ അന്തേവാസികളായി പുരുഷന്മാരേയുള്ളൂവെന്ന് അതിശയിക്കുന്നവരോട് ആൻസി ഒരു പുഞ്ചിരിയോടെ പറയും. അശരണരും മനോനില തെറ്റിയവരുമായ സ്ത്രീകൾക്കായി ഈ നാട്ടിൽ ഉത്തരവാദിത്വവും സുരക്ഷിതത്വവും, സദാചാരപരിരക്ഷയും ഉള്ള നിരവധി സ്ഥാപനങ്ങളുണ്ട്. പുരുഷന്മാർക്കായി അത്തരം സ്ഥാപനങ്ങൾ കുറവാണ്.

പഠനം കഴിഞ്ഞാൽ ആൻസിയുടെ മക്കളായ ദിന, നിതു, മിൻജു എന്നിവരും അമ്മയെ സഹായിക്കാൻ എത്തും. മൂത്ത രണ്ട് പേർ കേരളത്തിലും ഇളയയാൾ ഡൽഹിയിൽ ഹോസ്റ്റലിൽ നിന്നും പഠിക്കുകയാണ്.

നാല് സഹോദരന്മാരും മൂന്ന് സഹോദരികളുമുള്ള ആൻസിയുടെ കുടുംബക്കാർ കേരളത്തിലും ഭർത്താവിന്റെ കുടുംബം ഹൈദരാബാദിലുമാണ് ഉള്ളത്. സേവനത്തിന്റെ തിരക്കിലും ആൻസി സ്വകാര്യമായ പ്രതീക്ഷ നിലനിർത്തുന്നുണ്ട്. ഭർത്താവ് തിരികെ എത്തുമെന്ന്.

രോഗികളായ വ്യക്തികളെ പരിചരിക്കുക എളുപ്പമല്ല. ക്ഷമയും സഹനവും സ്നേഹവും അതിനു വേണം. തന്റെ ആരുമല്ലാത്ത എത്രയോ പേരോട് സന്മനസ് കാട്ടാൻ കഴിയുന്ന ആൻസിക്ക് ഭർത്താവിനോട് ക്ഷമിക്കാനും സ്നേഹിക്കാനും കഴിയുമെന്നതിൽ വാക്കുകളുടെ വിശദീകരണം ആവശ്യമില്ല.

ആൻസിയുടെ വിലാസം

ANCY JOHNSON
President,
Shanti Niketan Ashram,
Plot No.63, Asola Fatehpur Bery,
New Delhi – 74
Mob: 9213736659, Res: 011-26653459
email- snashram@gmail.com

Print E-mail Share Tweet

POST YOUR COMMENTS

ആൻസിയുടെ സാമൂഹ്യസേവനത്തെക്കുറിച്ച് നിങ്ങൾക്കെന്താണ് പറയാനുള്ളത്?

Thank God, we can see only 15% people blessed with humanity like Ancy

Sobha, Maldives , 02Aug'14 16:59:37

I know prayer will not enough for this service. For one patient also we want spend more money. Here Ancy is doing a very great service. Now my condition is not that much good even though I will help you. Once again Ancy God Bless you. Only 15% people only blessed with humanity in this world.

Sobha B, Maldives , 02Aug'14 16:47:51

God bless you & Help your all works

Ajitha, Delhi , 02Aug'14 15:58:22

great ; thank god, i spoke today with ancy.very powerful women,she can do miracle for charity..i will support my whole life.

sujith, abudhabi , 02Aug'14 14:16:35

Ancy Johnson Contact details ANCY JOHNSON President, Shanti Niketan Ashram, Plot No.63, Asola Fatehpur Bery, New Delhi – 74 Mob: 9213736659, Res: 011-26653459 email- snashram@gmail.com

manoramaonline, kottayam , 02Aug'14 11:29:13

VIEW ALL COMMENTS

**Send Your Comments** *(Max 500 Chars) Disclaimer | Report Abuse

In order to prevent misuse of this functionality your IP address is traced

**Name*:** **Location:**

**Email*:**

**Enter the letters from image**
***(Case Sensitive)**

POST

About Us | Contact Us | Our Publications | Media Kit | Feedback | Font | Privacy | Career@Manorama | Terms Of Use

© Copyright 2014 Manoramaonline. All rights reserved.